# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ: പി.അശോക് കുമാർ.)

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ പാമ്പാടി , ഏറ്റുമാനൂർ ബ്ലോക്കുകളിലെ സാമ്പത്തിക ക്രമക്കേടുകൾ-ശ്രീ.സി.വി.വിജയൻ, ബി.പി.ഒ, മലമ്പുഴ യെ സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

സൂചന:- 1) പൊതു പ്രവർത്തകൻ ബഹു.ഗ്രാമവികസന വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 01.07.2016 ലെ പരാതി

2) ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.വി.മോഹനകൃഷ്ണൻ 17.02.2017 ന് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

=====================================================================================

**ഉത്തരവ് നം: 12859/എസ്റ്റാ.എ.2/16/സി.ആർ.ഡി തീയതി: 23/02/2017**

=====================================================================================

കോട്ടയം ജില്ലയിലെ പാമ്പാടി, ഏറ്റുമാനൂർ ബ്ലോക്കുകളിൽ ശ്രീ.സി.വി.വിജയൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ നടത്തിയ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് സൂചന(1) പ്രകാരം ഒരു പൊതു പ്രവർത്തകൻ ബഹു.ഗ്രാമവികസന വകുപ്പ് മന്ത്രിക്ക് പരാതി നൽകിയിരുന്നു.

ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.വി.മോഹനകൃഷ്ണന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ടി പരാതിയെക്കുറിച്ച് വിശദമായി അന്വേഷിച്ച് സൂചന 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ ബ്ലോക്കു പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയില്ലാതെ ശ്രീ.സി.വി.വിജയൻ ഫണ്ടുകൾ ചെലവഴിച്ചിട്ടുള്ളതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അറിയാതെ വ്യാജരേഖകൾ ചമച്ച് പൊതു ഖജനാവിൽ നിന്നും വൻ തുക പല തവണ അപഹരിച്ചിരുന്നതായും അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. ഇതു ശ്രീ.സി.വി.വിജയന്റെ ഭാഗത്തു നിന്നുണ്ടായ കുറ്റകരമായ കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്.ടിയാനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ലെ ചട്ടം 10 പ്രകാരം ശ്രീ.സി.വി.വിജയൻ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ- മലമ്പുഴ യെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാന് കേരള സർവീസ് റൂൾ പാർട്ട് I ചട്ടം 55 പ്രകാരമുളള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സീനിയർഅഡ്മിനിസ്ട്രേറ്റീവ്ഓഫീസർ

പകർപ്പ്:-

1. ശ്രീ.സി.വി.വിജയൻ, ബി.പി.ഒ മലമ്പുഴ (പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജ) മുഖാന്തിരം) (3 കോപ്പി ഉളളടക്കം ചെയ്യുന്നു. ഒരെണ്ണത്തിൽ ശ്രീ.സി.വി.വിജയന്റെ തീയതി വെച്ച് കൈയ്യൊപ്പ് രേഖപ്പെടുത്തിയ കോപ്പി മടക്കി അയച്ചുതരേണ്ടതാണ്).
2. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, പാലക്കാട്.
3. അസിസ്റ്റന്റ്ഡെവലപ്മെന്റ് കമ്മീഷണർ (ജ), കോട്ടയം,
4. പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി, തിരുവനന്തപുരം (ആമുഖകത്ത്സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തൃശൂർ
6. എസ്റ്റാ.ബി1 സെക്ഷൻ
7. സ്റ്റോക്ക് ഫയൽ/ ഓഫീസ്കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർസൂപ്രണ്ട്